മാധ്യമ പ്രവർത്തകർക്കുള്ള സഹായങ്ങളും ആനുകൂല്യങ്ങളും

75 (T* 1546) ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്കും മുൻപ് പ്രവർത്തിച്ചിരുന്നവർക്കും സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവർ എത്രയാണ്; വിശദമാക്കുമോ;

(ബി) മാധ്യമ സ്ഥാപനങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നവർക്ക് സർക്കാർ സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ടോ; ആയതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ?

ഉത്തരം

(എ) 16-8-1993-ലെ സ.ഉ. (പി) 07/1993/പി.ആർ, 4-2-2000-ലെ സ.ഉ. (പി) 02/2000/ഐ&പി.ആർ. എന്നീ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച പത്രപ്രവർത്തക/പത്ര പ്രവർത്തകേതര പെൻഷനുകളാണ് വിവര പൊതുജന സമ്പർക്ക വകുപ്പുവഴി നൽകിവരുന്ന ആനുകൂല്യങ്ങൾ.

നിലവിൽ പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

പത്രപ്രവർത്തക പെൻഷൻ	432
പത്രപ്രവർത്തക ആശ്രിത പെൻഷൻ	83
അവശ പത്രപ്രവർത്തക പെൻഷൻ	79
അവശ ആശ്രിത പത്രപ്രവർത്തക പെൻഷൻ	104
പ്രമുഖ പത്രപ്രവർത്തക പെൻഷൻ	19
പ്രമുഖ ആശ്രിത പത്ര പ്രവർത്തക പെൻഷൻ	23
പത്രപ്രവർത്തകേതര പെൻഷൻ	668
പത്രപ്രവർത്തകേതര ആശ്രിത പെൻഷൻ	76
ആകെ	1484 പേർ

(ബി) ബാധകമല്ല.

* T മാർക്കിട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly